പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2 01-12-2014-ൽ മറുപടിയ്ക്ക്

മദ്യനിരോധനം

ചോദ്യം:

ശ്രീ. ജെയിംസ് മാത്യു
ശ്രീ. ബി. സത്യൻ
ശ്രീ.കെ.രാധാകൃഷ്ണൻ
ശ്രീ.സി.കെ.സദാശിവൻ

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മദ്യനയത്തിന്റെ ഭാഗമായുള്ള നടപടികൾ ഇതിനകം അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ നയം വഴി സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം എത്രത്തോളം സാധ്യമാണ്; | (ബി) | മദ്യവർജ്ജനം വഴി ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | സമ്പൂർണ്ണ മദ്യനിരോധന മാണോ മധ്യവർജ്ജനമാണോ പ്രായോഗികമായിട്ടുള്ളതെന്ന് സർക്കാർ വിദഗ്ദ്ധമായി പഠിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധമായി വിശദമാക്കാമോ; | (സി) | മദ്യത്തിന്റെ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ഡി) | ബാറുകൾ അടച്ചുപൂട്ടിയത് കൊണ്ട് എല്ലാതരം മദ്യത്തിന്റെയും ലഭ്യത കുറഞ്ഞിട്ടുണ്ടോ; ആവശ്യക്കാർക്കെല്ലാം മദ്യം ലഭിക്കാനുള്ള വ്യാജ സംവിധാനങ്ങൾ സംസ്ഥാനത്തെങ്ങും തുറന്ന് കിടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | ബാറുകൾ അടച്ചു പൂട്ടിയതുകൊണ്ട് വിദേശമദ്യം, ബിയർ തുടങ്ങിയ മദ്യത്തിന്റെ ലഭ്യത കുറഞ്ഞിട്ടുണ്ട്. ആവശ്യക്കാർക്കെല്ലാം മദ്യം ലഭിക്കാനുള്ള വ്യാജ സംവിധാനങ്ങൾ സംസ്ഥാനത്തെങ്ങും തുറന്ന് കിടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | മദ്യ ഉല്പാദന കേന്ദ്രങ്ങൾ ഏതെങ്കിലും അടച്ചുപൂട്ടി ക്കൊണ്ട് മദ്യലഭ്യത കുറയ്ക്കാൻ ഉദ്ദേശ മുണ്ടോ; മദ്യ ഉല്പാദനം നിയന്ത്രി ക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (ഇ) | സംസ്ഥാനത്തെ മദ്യ ഉല്പാദന കേന്ദ്രങ്ങൾ ഒന്നുംതന്നെ ഇപ്പോൾ അടച്ചുപൂട്ടിയിട്ടില്ല. എന്നാൽ മദ്യ ഉല്പാദന സ്ഥാപനങ്ങളുടെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷകളൊന്നും സർക്കാർ അനുവദിച്ചു നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ